**കേരള സർക്കാർ**

നമ്പർ. 54912/ഡി.എ.1/2008/തസ്വഭവ

**തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്**
തിരുവനന്തപുരം, തീയതി: 22.08.2008

**സർക്കുലർ**

വിഷയം:- പതിനൊന്നാം പഞ്ചവത്സര പദ്ധതി-പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം (2008)- സർവേ ഗ്രൂപ്പ് അംഗങ്ങൾക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. 14.05.2007-ലെ ജി.ഒ. (എം.എസ്)128/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 15.04.2008-ലെ ജി.ഒ. (എം.എസ്)112/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 15.05.2008-ലെ ജി.ഒ. (സാധാ)1427/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കുന്നതിന് സൂചന ഒന്നു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഉരുകളുടെയും സമഗ്രസർവേ നടത്തി ശേഖരിക്കുന്ന സ്ഥിതിവിവര കണക്കുകൾ അപഗ്രഥിച്ചു വേണം പട്ടികവർഗ്ഗ ഉപ പദ്ധതി തയ്യാറാക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവശേഖരണ പരിപാടി (2008) സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടത്തുവാൻ സൂചന രണ്ടിലെ സർക്കാർ ഉത്തരവ് മുഖേന അനുവാദം നൽകിയിട്ടുണ്ട്. എന്യൂമറേറ്റർ, ഫെസിലിറ്റേറ്റർ, ഒബ്സർവർ എന്നിവർ ഉൾപ്പെടുന്ന ഒരു സർവേ ഗ്രൂപ്പിനെയാണ് സർവേയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തേണ്ടതെന്നും ആ ഉത്തരവിൽ നിർദ്ദേശിക്കുന്നു. കോളേജ് അദ്ധ്യാപകർ, ഹൈസ്ക്കൂൾ അദ്ധ്യാപകർ, സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ, ഗവൺമെന്റിതര സംഘടനകളുടെ പ്രതിനിധികൾ, സർക്കാർ/പൊതുമേഖലാ സേവനത്തിൽ നിന്ന് വിരമിച്ചവർ എന്നീ വിഭാഗങ്ങളിൽ നിന്നും സമാന വിഭാഗങ്ങളിൽ നിന്നും ആണ് സർവേ ഗ്രൂപ്പ് അംഗങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അപ്രകാരം ജില്ലാ കളക്ടർമാരുടെ നടപടി ഉത്തരവ് (Proceedings) അനുസരിച്ച് രൂപീകരിച്ചിട്ടുള്ള സർവേ ഗ്രൂപ്പിൽ ഗവൺമെന്റ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. പട്ടിക വർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം പതിനൊന്നാം പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമാണ്. അതിനാൽ ആ സർവേ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന മുകളിൽ പ്രസ്താവിച്ച വിഭാഗത്തിലെ ജീവനക്കാർക്ക് സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ ഡ്യൂട്ടി ലീവ് നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

ഇപ്രകാരം ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് ആവശ്യമായ സാക്ഷ്യപത്രം നൽകുവാൻ ബന്ധപ്പെട്ട ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.

**എസ്. എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. ബന്ധപ്പെട്ട മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
7. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറിമാർ)
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
11. ഡയറക്ടർ, ഇക്കണോമികസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
12. പഞ്ചായത്ത് ഡയറക്ടർ
13. ഗ്രാമവികസന കമ്മീഷണർ
14. നഗരകാര്യ ഡയറക്ടർ
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
16. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
17. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർമാർക്കും
22. എല്ലാ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും
23. എല്ലാ ട്രൈബൽ എക്സറ്റൻഷൻ ഓഫീസർമാർക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. വൈദ്യുതി, പട്ടികജാതി,പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് ഡി.എ/ഡി.സി./ഡി.ബി/എഫ്എം സെക്ഷനുകൾക്ക്
5. കരുതൽഫയൽ /ഓഫീസ്കോപ്പി.